# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2319** **8.03.2017-ൽ മറുപടിക്ക്**

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

| | ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കുറ്റ്യാടി നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | 03.03.2017 – ലെ കണക്കനുസരിച്ച് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി കുറ്റ്യാടി നിയോജക മണ്ഡലത്തിൽ 485 കണക്ഷൻ നൽകിയിട്ടുണ്ട്. ആകെ കിട്ടിയ അപേക്ഷകളുടെ 58 ശതമാനവും വയറിംഗ് പൂർത്തിയാക്കിയവയുടെ 52 ശതമാനവും പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയ്ക്ക് സർക്കാർ, എം.എൽ.എ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി എത്ര തുക ലഭ്യമാകും; വിശദാംശം നൽകുമോ; | (ബി) | കുറ്റ്യാടി നിയോജക മണ്ഡലം സമ്പൂർണ്ണമായി വൈദ്യുതീകരിക്കുന്നതിനായി. 89,60,000 രൂപയുടെ ചെലവാണ് കണക്കാക്കുന്നത്. ഇതിൽ 44,80,000 രൂപ കെ.എസ്.ഇ.ബി വഹിക്കുന്നതാണ്. ബാക്കി തുകയായ 44,80,000 രൂപ എം.എൽ.എ തന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുകയും ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മണ്ഡലത്തിൽ എത്ര വീടുകൾ പുതിയതായി വൈദ്യുതീകരിക്കു മെന്നുള്ള പഞ്ചായത്ത് തലത്തിലുള്ള വിശദാംശം നൽകുമോ; | (സി) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയതായി വൈദ്യുതീകരിക്കുന്ന വീടുകളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br>ആയഞ്ചേരി – 98<br>തിരുവള്ളൂർ – 150<br>കുറ്റ്യാടി – 50<br>കുന്നുമ്മൽ – 39<br>മണിയൂർ – 254<br>പുറമേരി – 86<br>വേളം – 154<br>വില്ല്യാപ്പള്ളി – 85 |
| (ഡി) | പദ്ധതി പൂർത്തീകരണത്തിന് പ്രതിബന്ധമായി എന്തെങ്കിലും ഘടകങ്ങൾ ഉണ്ടോ; | (ഡി) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ഇനിയും വയറിങ് പൂർത്തീകരിക്കാത്ത 100 ഓളം വീടുകൾ ഉണ്ട് എന്നതൊഴിച്ചാൽ മറ്റ് പ്രതിബന്ധങ്ങ ളൊന്നും ഇല്ല. |
| (ഇ) | മണ്ഡലം എന്നത്തേയ്ക്ക് സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | 15.03.2017 ഓടു കൂടി കുറ്റ്യാടി നിയോജക മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കാനാണ് ലക്ഷ്യമിടുന്നത്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**